# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1824 — 05.10.2016-ൽ മറുപടിക്ക്

## ഭൂരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. : കെ.ബി. ഗണേഷ് കുമാർ | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ഭൂരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ എണ്ണം, ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ കൊല്ലം ജില്ലയുടെ കണക്ക് ലഭ്യമാക്കാമോ; | എ) | ലഭ്യമാണ്. 2016 മെയ് 31 വരെ കൊല്ലം ജില്ലയിൽ 4063 ഭൂരഹിതരായ പട്ടികജാതിക്കാർ ഉണ്ടെന്നും 290 പട്ടികവർഗ്ഗക്കാർ ഉണ്ടെന്നും കണക്കാക്കപ്പെട്ടിട്ടുണ്ട്. |
| ബി) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്താനും വിവാഹ ധനസഹായം ലഭ്യമാക്കാനുമായി എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ പ്രതിവർഷം എത്ര രൂപ ഇതിനായി ചെലവഴിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ; | ബി) | സ്വയം തൊഴിൽ ചെയ്യുന്നതിന് വനിതകൾക്ക് മാത്രമായി പദ്ധതി നിലവിലില്ല. എന്നാൽ പട്ടികജാതി വികസന വകുപ്പിന്റെ സ്വയം തൊഴിൽ വായ്പാ സബ്സിഡി പദ്ധതി പ്രകാരം ബാങ്ക് ലോൺ ലഭിക്കുന്ന പട്ടികജാതി വനിതകൾ ഉൾപ്പെടെയുള്ള ഗുണഭോക്താക്കൾക്ക് ബാങ്ക് വായ്പയുടെ മൂന്നിലൊന്ന് തുക സബ്സിഡിയായി വകുപ്പിൽ നിന്നും അനുവദിച്ചു വരുന്നു.<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. ഇതു പ്രകാരം 50,000/- രൂപ ധനസഹായമായി അനുവദിച്ചു വരുന്നു. സ്വയം തൊഴിൽ, വിവാഹ ധനസഹായ പദ്ധതികൾക്കായി കഴിഞ്ഞ 3 വർഷം ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു. |
| സി) | ഇതിനായി കേന്ദ്ര സർക്കാർ സഹായം ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ? | സി) | ഈ പദ്ധതികൾക്കായി കേന്ദ്ര സഹായം ലഭിക്കുന്നില്ല. |

| സ്വയം തൊഴിൽ പദ്ധതി | | വിവാഹ ധനസഹായ പദ്ധതി | |
|---|---|---|---|
| വർഷം | ചെലഴിച്ച തുക (ലക്ഷത്തിൽ) | വർഷം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
| 2013-14 | 322.78 | 2013-14 | 7754.15 |
| 2014-15 | 388.8 | 2014-15 | 3499.5 |
| 2015-16 | 370.08 | 2015-16 | 3766 |

സെക്ഷൻ ഓഫീസർ